**കേരള സർക്കാർ**

**സംഗ്രഹം**

മൊബൈൽ കണക്ഷന് അർഹതയുള്ളവരുടെ പ്രീ-പെയ്ഡ് മൊബൈൽ കണക്ഷൻ ചാർജ്ജിന് തുക റീ ഇംബേഴ്സ് ചെയ്യുന്നത് - അനുമതി നൽകി - ഉത്തരവാകുന്നു.

**ധനകാര്യ (രഹസ്യ) വകുപ്പ്**

സ.ഉ.(അ) നം.36/2018/ധന. തീയതി, തിരുവനന്തപുരം, 12-03-2018.

പരാമർശം :- 1. സ.ഉ.(അ) നം.87/2016/ധന. തീയതി 22-06-2016.
2. സ.ഉ.(അ) നം.173/2016/ധന. തീയതി 21-11-2016.

**ഉത്തരവ്**

പരാമർശം 1 പ്രകാരം ഔദ്യോഗിക ഗാർഹിക ടെലഫോൺ കണക്ഷന് അർഹതയുള്ളവരുടെ പ്രതിമാസ ടെലഫോൺ ചാർജ് (മൊബൈൽ-ഇന്റർനെറ്റുൾപ്പെടെ) ബില്ല് ഹാജരാക്കുന്ന മുറയ്ക്ക് പരമാവധി 840/- രൂപ വരെ അനുവദിച്ചു നൽകി ഉത്തരവായിരുന്നു. എന്നാൽ പ്രീ-പെയ്ഡ് കണക്ഷൻ ഉപയോഗിക്കുന്നവർക്ക് പലപ്പോഴും ബില്ല് ഹാജരാക്കാൻ സാധിക്കാതെ വരുന്നതുകൊണ്ട് ടി തുക മാറി നൽകുന്നതിന് സാധിക്കാതെ വരുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇക്കാര്യം സർക്കാർ വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ഔദ്യോഗിക ഗാർഹിക ടെലഫോൺ കണക്ഷന് അർഹതയുള്ളതും ഫിക്സഡ് ലാന്റ് ലൈനിന്റെ അഭാവത്തിൽ വസതിയിലെ ഔദ്യോഗിക ഫോൺ എന്ന നിലയിൽ പ്രീ-പെയ്ഡ് മൊബൈൽ ഫോൺ കണക്ഷൻ ഉപയോഗിക്കുന്നവർക്ക് ചെലവ് സംബന്ധിച്ച സ്വയം സാക്ഷ്യപ്പെടുത്തിയ പത്രിക ഹാജരാക്കുന്ന മുറയ്ക്ക് പ്രതിമാസം പരമാവധി 400 രൂപവരെ അനുവദിച്ച് ഉത്തരവാകുന്നു. ഒറിജിനൽ ബിൽ ഹാജരാക്കുന്ന മുറയ്ക്ക് മാത്രമേ മേൽതുകയിൽ അധികരിച്ച തുക അർഹരായ ഉദ്യോഗസ്ഥർക്ക് അനുവദിക്കുകയുള്ളൂ.

ഈ ഉത്തരവിന് മുൻകാല പ്രാബല്യമുണ്ടായിരിക്കുന്നതല്ല.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**പ്രീത ബി.എസ്.**
ജോയിന്റ് സെക്രട്ടറി (ധനകാര്യം)

അക്കൗണ്ടന്റ് ജനറൽ (എ.&ഇ.) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ജി.&എസ്.എസ്.എ.) കേരള, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഇ.&ആർ.എസ്.എ.) കേരള, തിരുവനന്തപുരം.
എല്ലാ വകുപ്പ് / ഓഫീസ് തലവൻമാർക്കും.
നിയമം ഉൾപ്പെടെ സെക്രട്ടറിയേറ്റിലെ എല്ലാ വകുപ്പുകൾക്കും.
ട്രഷറി ഡയക്ടർ, ട്രഷറി ഡയറക്ടറേറ്റ്, തിരുവനന്തപുരം.
അഡ്വക്കേറ്റ് ജനറൽ, കേരള, എറണാകുളം
സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം
രജിസ്ട്രാർ, കേരള ഹൈക്കോടതി
രജിസ്ട്രാർ, കേരള സർവ്വകലാശാല/കൊച്ചിൻ/കാലിക്കറ്റ്/മഹാത്മ ഗാന്ധി/കണ്ണൂർ/ കേരള കാർഷിക സർവ്വകലാശാല/ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല
എല്ലാ സെക്രട്ടറിമാർക്കും, സ്പെഷ്യൽ സെക്രട്ടറിമാർക്കും, അഡീഷണൽ സെക്രട്ടറിമാർക്കും,
ജോയിന്റ് സെക്രട്ടറിമാർക്കും, ഡെപ്യൂട്ടി സെക്രട്ടറിമാർക്കും, അണ്ടർ സെക്രട്ടറിമാർക്കും.
ഗവർണറുടെ സെക്രട്ടറി / മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി, മറ്റ് മന്ത്രിമാരുടെ പ്രൈവറ്റ് സെക്രട്ടറിമാർ,
ചീഫ് വിപ്പിന്റെ പ്രൈവറ്റ് സെക്രട്ടറി, പ്രതിപക്ഷ നേതാവിന്റെ പ്രൈവറ്റ് സെക്രട്ടറി,
സ്പീക്കറുടെ / ഡെപ്യൂട്ടി സ്പീക്കറുടെ പ്രൈവറ്റ് സെക്രട്ടറി.
ഡയറക്ടർ, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
ചീഫ് സെക്രട്ടറിയുടെ അഡീഷണൽ സെക്രട്ടറി.
സർക്കാർ കമ്പനികൾ/ബോർഡ്/കോർപ്പറേഷനുകൾ/പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവയുടെ മാനേജിംഗ് ഡയറക്ടർ/ജനറൽ മാനേജർക്കും
നോഡൽ ഓഫീസർ, www.finance.kerala.gov.in
ഓഫീസ് പകർപ്പ് / സൂക്ഷിപ്പ് ഫയൽ.

ഉത്തരവിൻ പ്രകാരം

അക്കൗണ്ട്സ് ഓഫീസർ